ര്യത്തെ പരിഗണിച്ചും അമ്പൂരി പ്രദേശത്തുള്ള ആളുകൾക്ക് നെടുമങ്ങാട് പോകുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ചും അടിയന്തിരമായി നെയ്യാറിൻകരതാലൂക്കിൽ ഒരു ഡിവിഷൻ ഓഫീസ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടതാണ്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി അവിടെ ഇരിപ്പുണ്ട്. ഞങ്ങൾ ഒരുമിച്ച് നിവേദനങ്ങൾ നടത്തിയിട്ടുള്ള സന്ദർഭങ്ങൾ ഞാനോർക്കുന്നു. അപ്പോഴൊക്കെ അടിയന്തിരമായി നെയ്യാറിൻകരയിൽ ഒരു ഡിവിഷൻ ഓഫീസ് സ്ഥാപിക്കുന്നതാണെന്ന് ഉറപ്പുതന്നിട്ടുണ്ട്. ഈ അടുത്തകാലത്ത് ഗവൺമെൻറ് തിരുവനന്തപുരം-2 എന്ന നിലയിൽ ഒരു ഡിവിഷൻ ഓഫീസു കൂടി തുടങ്ങാനായിട്ട് തീരുമാനമെടുത്തിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു ഡിവിഷൻ ഓഫീസ് ഇപ്പോൾത്തന്നെ പ്രവർത്തിക്കുന്നുണ്ട്. ആറ്റിങ്ങലിലും നെടുമങ്ങാട്ടുമുണ്ട്. എന്നാൽ നെയ്യാറിൻകര താലൂക്കിൽ ഡിവിഷൻ ഓഫീസ് ഇല്ല. അവിടെ 75,000 കൺസ്യൂമേഴ്സും 75;000 അപേക്ഷകരുമാണുള്ളത്. ഇത്രയും കൂടുതൽ അപേക്ഷകരുള്ള ഒരു പ്രദേശം പോലും കേരളത്തിൻെറ ഒരു ഭാഗത്തും കാണുകയില്ല. അങ്ങനെയുള്ള ഒരു സ്ഥലത്തെ ആളുകളുടെ ആവശ്യം പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു. ബാലരാമപുരം, വിഴിഞ്ഞം, പൂവച്ചൽ, പാറശാല, നെയ്യാറിൽകര, പേയാട്, കാട്ടാക്കട എന്നീ ഏഴ് മേജർ സെക്ഷൻ ഓഫീസുകളുണ്ട്. ഇത്രയും ഓഫീസുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുവേണ്ടിയും ആളുകൾ ഒരു നിസ്സാരാവശ്യത്തിന് പരിഹാരമുണ്ടാക്കണമെങ്കിൽ നെടുമങ്ങാട്ടുപോകണമെന്നുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടിയും. ഇപ്പോൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഡിവിഷൻ ഓഫീസ് നെയ്യാറിൻകരയിൽ തുടങ്ങുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, തിരുവനന്തപുരം സർക്കിളിൻെറ കീഴിൽ തിരുവനന്തപുരം, ആറ്റിങ്ങൽ, നെടുമങ്ങാട് എന്നീ മൂന്നു ഡിവിഷനുകളാണുള്ളത്. നാലാമതൊരു ഡിവിഷൻ രൂപീകരിക്കുന്ന കാര്യത്തെപ്പറ്റി തീരുമാനമായിട്ടില്ല. നാലാമതൊരു ഡിവിഷൻ അടിയന്തരമായി ആവശ്യമുണ്ടാകുന്നപക്ഷം അത് പരിശോധിക്കുന്ന സമയത്ത് തീർച്ചയായിട്ടും ഈ കാര്യം കൂടി ഇലക്ട്രിസിറ്റി ബോർഡ് പരിശോധിക്കാം. അന്ന് അതിൻമേൽ ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(7) ഏലക്കാ ഉല്പാദന വിപണന രംഗത്തുണ്ടായിട്ടുള്ള പ്രതിസന്ധി

ശ്രീ. കെ. കെ. തോമസ് : സർ, ഏലക്കായുടെ ഉല്പാദനമേഖലയിലും വിപണനരംഗത്തുമുണ്ടായിട്ടുള്ള ഗുരുതരമായ പ്രതിസന്ധി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഏലക്കായ്ക്ക് 130 രൂപയാണ് ഇപ്പോൾ വിലയുള്ളത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 300 രൂപയോളം വിലയുണ്ടായിരുന്നു. സെപ്റ്റംബർ ഒക്ടോബർ, ഡിസംബർ എന്നീ സീസൺ കാലങ്ങളിൽ 80 രൂപയും 90 രൂപയുമായിരുന്നു വില. ഏതാണ്ട് ഒരു കിലോഗ്രാം ഏലക്കായ് ഉല്പാദിപ്പിക്കുന്നതിന് 100-ഉം 125-ഉം രൂപവരെയാവും. ഉല്പാദനച്ചെലവും നേരിയലാഭവും കൃഷിക്കാർക്ക് ആശാവഹമായി കിട്ടുന്നതിനുവേണ്ടി 175 രൂപ വില ഉറപ്പുവരുത്തുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിക്കണം. അതുപോലെതന്നെ കൃഷിക്കാരിൽ നിന്ന് ഈടാക്കുന്ന കാർഷികാദായ നികുതിയെയും വില്പനനികുതിയെയും സംബന്ധിച്ച് നിരവധി മെമ്മോറാണ്ടങ്ങളും നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യവകുപ്പുമന്ത്രിക്കും കർഷക പ്രതിനിധികൾ നൽകിയിട്ടുണ്ട്. അശാസ്ത്രീയമായ നികുതി ഈടാക്കലിന് ഒരു മാറ്റം വരുത്തിക്കൊണ്ട് പുതിയ നികുതി സമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ച് ഏർപ്പെടുത്തി ഏലക്കൃഷിക്കാരായ ചെറുകിടയുല്പാദകരെയും ലക്ഷക്കണക്കിനുവരുന്ന തൊഴിലാളികളെയും രക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഏലം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വിലക്കുറവുകൊണ്ടുള്ള ബുദ്ധിമുട്ടുണ്ടെന്നുള്ളത് ശരിയാണ്. ഒരു കാലത്ത് ഏലം ഉല്പാദനത്തിൽ കേരളം മൊത്തം ലോകത്തിലുൽപാദിപ്പിക്കുന്നതിന്റെ 70 ശതമാനം ഉൽപ്പാദിപ്പിച്ചിരുന്നു. അതുപോലെതന്നെ 60 ശതമാനം കയറ്റിയയയ്ക്കുകയും ചെയ്തിരുന്നു. ഇന്ന് ഗോട്ടിമല ഈ രംഗത്ത് ഇന്ത്യയുമായി മൽസരത്തിലാണ്. അവരുടെ ഉല്പാദനവും നമ്മുടെ ഉൽപ്പാദനവുമായി വലിയ വ്യത്യാസം വന്നിട്ടുണ്ട്. ഇപ്പോൾ ഏതാണ്ട് നമ്മുടെ ഉൽപ്പാദനം 40 ശതമാനമായി കുറഞ്ഞു. കയറ്റുമതി 30 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. 1982-83, 1983-84-ൽ വരൾച്ചവന്നതുകൊണ്ട് നമ്മുടെയുൽപ്പാദനം കുറഞ്ഞതുകൊണ്ട് നമുക്ക് നല്ല വിലയും കിട്ടി. ഇപ്പോൾ ഉൽപ്പാദനം ഏതാണ്ട് അയ്യായിരം ടണ്ണായി വർദ്ധിച്ചിരിക്കുന്നു. ഒരു ഭാഗത്ത് ഉല്പാദനം വർദ്ധിച്ചു, മറുഭാഗത്ത് നമ്മോടുമൽസരിക്കാനില്ലാതിരുന്ന ഗോട്ടിമല മൽസരംഗത്തു വന്നു. അതോടൊപ്പം തന്നെ മുമ്പ് അറബിരാജ്യങ്ങളിൽ ഇത് വാങ്ങിയിരുന്നത് കാളിറ്റി നോക്കിയിട്ടായിരുന്നുവെങ്കിൽ ഇന്ന് അതിന്റെ ഗുണത്തേക്കാൾ അളവിന് കാര്യമായ പരിഗണന കൊടുക്കുകയും ചെയ്തിരിക്കുന്നു. ലോക്കത്തിൽ വച്ച് പ്രസിദ്ധമായ നമ്മുടെ ആലപ്പി ഗ്രീൻ എന്നു പറയുന്ന വെറൈറ്റിക്കൊന്നുമല്ല ഇന്ന് മാർക്കറ്റ്. കാണ്ടിറ്റി ഉണ്ടാക്കുകയും വേണം. വില കുറച്ച് കിട്ടുകയും വേണം എന്ന ബുദ്ധിമുട്ട് ഉണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ ബുദ്ധിമുട്ടിന് പരിഹാരം കാണുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിക്കാൻ കഴിയുമോ അതൊക്കെ സ്വീകരിക്കണമെന്ന് ഇന്ത്യാ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാം. ഇവിടെയുള്ള കൃഷിക്കാരെ വിളിച്ചുവരുത്തി അവരുടെ പ്രശ്നങ്ങളും നേരിട്ടു മനസ്സിലാക്കുകയും ചെയ്യാം.

(8) മടക്കത്തറ പഞ്ചായത്തിൽ താണിക്കുടം പുഴയിലെ പാലം പണി

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, എന്റെ നിയോജക മണ്ഡലത്തിൽ മടക്കത്തറ പഞ്ചായത്തിൽ താണിക്കുടം പുഴയിൽ പി.ഡബ്ളിയു. ഡി. ഒരു പാലം നിർമ്മിക്കുന്നതിന് 1980-ൽ ടെൻഡർ കൊടുത്തു. കരാറുകാരൻ രണ്ടു കാലുകളും മാത്രം വാർത്തതിനുശേഷം കിട്ടിയ കമ്പിയും സിമൻറും കട്ട വിറ്റ് സ്ഥലം വിട്ടു. ഈ സംഭവത്തെത്തുടർന്ന് ഒരു സബ്മിഷൻ കഴിഞ്ഞനിയമസഭയിൽ ഞാൻ അവതരിപ്പിച്ചതാണ്. അന്ന് പാലത്തിന്റെ പണി പി. ഡബ്ളിയു. ഡി. ഏറ്റെടുത്തു നടത്തുമെന്ന് നമ്മുടെ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി ഉറപ്പു തന്നു. ഉപമുഖ്യമന്ത്രിയുടെ ആ ഉറപ്പ് ഇന്നേവരെ പാലിച്ചിട്ടില്ലെന്നു മാത്രമല്ല ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ യാതൊരു നടപടിയും ഇതേവരെ ആരംഭിച്ചിട്ടില്ല. ഡി. ഡി. സി. യിലും മറ്റ് പി. ഡബ്ളിയു. ഡി. സബ് കമ്മിറ്റികളിലുമൊക്കെ ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ എക്സിക്യൂട്ടീവ് എൻജിനീയർ (പറയുന്നത് കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽ ഓരോ മാസവും പറയുന്നത്) അടുത്ത മാസം തീരും, അടുത്തമാസം തീരുമെന്നാണ്. അങ്ങനെ പറഞ്ഞു പറഞ്ഞ് ഈ മാർച്ച് മാസം വരെ പണി ആരംഭിച്ചിട്ടില്ല. ഉടനെ പണി ചെയ്യുമെന്നു പറഞ്ഞതല്ലാതെ ഇന്നേവരെ

LIBRARY ARCHIVES Kerala Legislative Assembly